# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.* 220** **14.12.2015 ലെ മറുപടിക്ക്**

## ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (എയിംസ്)

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.കെ.ടി. ജലീൽ<br>ശ്രീ.എം.എ. ബേബി<br>ഡോ.ടി.എം. തോമസ് ഐസക്<br>ശ്രീ. എം. ഹംസ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) 2012-13 ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (എയിംസ്) ആരംഭിക്കുന്നതിന് മുൻ കേന്ദ്ര സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് നടത്തിയ സമ്മർദ്ദങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ; | (എ) കേരളത്തിൽ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (എയിംസ്) സ്ഥാപിക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി അറിയിക്കാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട പ്രകാരം കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ കെ.എസ്.ഐ.ഡി.സി.യുടെ പക്കലുള്ള സ്ഥലവും തിരുവനന്തപുരം നെയ്യാറ്റിൻകര നെട്ടുകാൽത്തേരിയിലുള്ള തുറന്ന ജയിലിനോടനുബന്ധിച്ചുള്ള സ്ഥലവും, കോട്ടയം ജില്ലയിലെ സർക്കാർ മെഡിക്കൽ കോളേജിന്റെ അധീനതയിലുള്ള സ്ഥലവും, എറണാകുളം ജില്ലയിൽ എച്ച്.എം.റ്റി.യുടെ അധീനതയിലുള്ള സ്ഥലവും അനുയോജ്യമാണെന്നു കണ്ടെത്തി 17.7.2014 ലെ സ.ഉ. (എം.എസ്) നം.220/14/ആ.കു.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് കേന്ദ്ര സർക്കാറിനെ അറിയിക്കുകയും ചെയ്തിരുന്നു. തുടർന്ന് ഇതിൽ ഏറ്റവും അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് നിർദ്ദിഷ്ട സ്ഥലങ്ങളുടെ ഭൗമശാസ്ത്രപരമായ പ്രത്യേകതകൾ, നിലവിലുള്ള സൗകര്യങ്ങൾ, റവന്യൂ രേഖകൾ എന്നിവ പരിശോധിക്കുന്നതിനായി ഒരു |

ചെക്ക്ലിസ്റ്റ് കേന്ദ്ര ആരോഗ്യ മന്ത്രാലയം ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് ബന്ധപ്പെട്ട ജില്ലാകളക്ടർമാരിൽ നിന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായ വിവരങ്ങൾ ചെക്ക് ലിസ്റ്റ് പ്രകാരമുള്ള റിപ്പോർട്ടാക്കി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന് അയച്ചു കൊടുക്കുകയും നിർദ്ദിഷ്ട സ്ഥലങ്ങൾ പരിശോധിക്കുന്നതിനായി ഒരു വിദഗ്ധ ഇൻസ്പെക്ഷൻ ടീമിനെ നിയോഗിച്ച് നടപടികൾ ത്വരിതപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. കൂടാതെ ബഹു: മുഖ്യമന്ത്രിയുടെയും ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രിയുടെയും തലത്തിൽ പ്രധാനമന്ത്രിയ്ക്കും കേന്ദ്ര ആരോഗ്യ വകുപ്പ് മന്ത്രിയ്ക്കും കത്തുകൾ അയയ്ക്കുകയും സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി നേരിട്ട് കേന്ദ്ര ആരോഗ്യ വകുപ്പ് മന്ത്രിയെ സന്ദർശിച്ച് കേരളത്തിന് 'എയിംസ്' അനുവദിക്കുന്നതിനായി അപേക്ഷിച്ചിരുന്നു. എന്നാൽ 2015-16- ലെ ബഡ്ജറ്റിൽ കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രി പ്രഖ്യാപിച്ച പുതിയ 5 എയിംസ് ഹോസ്പിറ്റലുകൾ ജമ്മുകാശ്മീർ, പഞ്ചാബ്, ഹിമാചൽപ്രദേശ്, ആസ്സാം, തമിഴ്നാട് എന്നിവിടങ്ങളിലാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്നും കേരളത്തെ അടുത്തഘട്ടത്തിൽ പരിഗണിക്കാമെന്നുമാണ് 7.5.2015-ലെ കത്ത് പ്രകാരം ബഹു. കേന്ദ്ര ആരോഗ്യ വകുപ്പ് മന്ത്രി സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുള്ളത്.

| | |
|---|---|
| (ബി) കേരളത്തിന് എയിംസ് ലഭിക്കാതെ പോയതിന്റെ കാരണങ്ങൾ അറിയിക്കുമോ; | (ബി) & (സി ): കേരളത്തിൽ എയിംസ് സ്ഥാപിക്കുന്നതിന് വേണ്ടി കേന്ദ്ര ആരോഗ്യ മന്ത്രാലയം ആവശ്യപ്പെട്ട പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും സമയബന്ധിതമായി തന്നെ സംസ്ഥാന സർക്കാർ പൂർത്തിയാക്കിയിട്ടുണ്ട്. യാതൊരുവിധ അനാസ്ഥയും സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടായിട്ടില്ല. എന്നിട്ടും ആദ്യഘട്ടത്തിൽ തന്നെ എയിംസ് കേരളത്തിന് അനുവദിക്കുന്നതിൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നും അനുകൂല തീരുമാനമുണ്ടാകാത്തതിന് വ്യക്തമായ കാരണങ്ങൾ സംസ്ഥാന സർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടില്ല. എയിംസ് അനുവദിക്കുന്ന കാര്യത്തിൽ അടിയന്തിര തുടർ നടപടി സ്വീകരിക്കണമെന്നും അടുത്ത ബഡ്ജറ്റിൽ ഇത് ഉൾക്കൊള്ളിക്കണമെന്നും 11.12.2015-ൽ മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പ് മന്ത്രിയും പ്രധാനമന്ത്രിയേയും, കേന്ദ്ര ആരോഗ്യ വകുപ്പ് മന്ത്രിയേയും നേരിൽ കണ്ട് വീണ്ടും അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) മിക്ക സംസ്ഥാനങ്ങൾക്കും പുതുതായി എയിംസ് ലഭിച്ചിട്ടും കേരളത്തിൽ അനുവദിപ്പിക്കാൻ കഴിയാതെ പോയത് എന്തൊക്കെ പോരായ്മകൾ കൊണ്ടാണെന്ന് അറിയിക്കാമോ; | |

സെക്ഷൻ ഓഫീസർ